ഇതിൽ 1,2,6,7,8,10 എന്നീ ക്രമനമ്പർകാർ സമർപ്പിച്ച ടെണ്ടറുകൾ സ്വീകരിക്കാൻ പറ്റാത്തവയായിരുന്നു. മറ്റുള്ളവയിൽ അഡ്വ. ജനറൽ ആഫീസിന്റെ ജോലിയുടെ പ്രത്യേകതയും, കാര്യക്ഷമതയും കണക്കിലെടുത്തപ്പോൾ ഏറ്റവും അനുയോജ്യമായി കണ്ടത് ഇൻഫൈനേറ്റ് സോഫ്റ്റ്വെയർ റിസോഴ്സസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ ടെണ്ടറാണ്. അത് സ്വീകരിക്കുകയുണ്ടായി.

(ഐ) ഗവൺമെന്റിന്റെ അനുമതിക്കായി അഡ്വ. ജനറൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് പരിഗണനയിലാണ്.

(ജെ) സർക്കാരിൽ പരാതി ലഭിച്ചിട്ടില്ല.

കൊയിലാണ്ടിയിൽ ഫയർഫോഴ്സ് സ്റ്റേഷൻ

(94) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം താലൂക്ക് ആസ്ഥാനങ്ങളിലാണ് ഫയർഫോഴ്സ് സ്റ്റേഷൻ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി താലൂക്ക് ആസ്ഥാനത്തിൽ ഫയർഫോഴ്സ് സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) എങ്കിൽ എപ്പോൾ സ്ഥാപിക്കുമെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) നെടുമങ്ങാട്, കൊട്ടാരക്കര, കുന്നത്തൂർ, മല്ലപ്പള്ളി, റാന്നി, കുട്ടനാട്, കാർത്തികപ്പള്ളി, (ഹരിപ്പാട്) മാവേലിക്കര, ചെങ്ങന്നൂർ, വൈക്കം, പീരുമേട്, ഉടുമ്പൻചോല (നെടുങ്കണ്ടം) ദേവികുളം, ചാവക്കാട്, കൊടുങ്ങല്ലൂർ, തലപ്പിള്ളി (വടക്കൻചേരി), ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, ഏറനാട് (മഞ്ചേരി) നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂരങ്ങാടി, കൊയിലാണ്ടി, സുൽത്താൻ ബത്തേരി, മാനന്തവാടി, തളിപ്പറമ്പ്, ഹോസ്ദുർഗ്ഗ്, വൈത്തിരി (വയനാട്)

പ്രസ്തുത സ്ഥലങ്ങളിൽ ഹോസ്ദുർഗ്ഗ് (കാഞ്ഞങ്ങാട്) തളിപ്പറമ്പ്, സുൽത്താൻ ബത്തേരി, ആലത്തൂർ, മാവേലിക്കര, റാന്നി, തലപ്പിള്ളി (വടക്കൻചേരി) എന്നിവിടങ്ങളിൽ ഫയർ സ്റ്റേഷൻ തുറക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കൊയിലാണ്ടിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുകയും

(ബി)&(സി) പ്രസ്തുത നിർദ്ദേശം തൽക്കാലം മാറ്റി വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റാങ്ക് ലിസ്റ്റ്

(96) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly